(സി) ബഹുനില മന്ദിരങ്ങളും ഫ്ളാറ്റുസമുച്ചയങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ചട്ടങ്ങൾ കർക്കശമായി പാലിച്ചുകൊണ്ട് നിർമ്മാണപ്രവൃത്തികൾ നടത്തുവാനും അതുവഴി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുവാനും കഴിയുന്ന തരത്തിൽ 1962-ലെ നിയമത്തിൽ ഭേദഗതികൾ കൊണ്ടുവരാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഭേദഗതി ചെയ്തിട്ടില്ല.

(ബി) ഉണ്ട്.

(സി) 1962-ലെ കേരള ഫയർ ഫോഴ്സ് ആക്ട് പരിഷ്കരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷനുകൾ

212 (6362) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷനുകളാണുള്ളത് ;

(ബി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിൽ ആകെ എത്ര ജീവനക്കാരാണുള്ളത് ;

(സി) നിലവിൽ വിവിധ തസ്തികകളിൽ ആകെ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം തസ്തികകളിലേക്ക് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഏതെല്ലാം ജില്ലകളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ട് ;

(എഫ്) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിലേക്ക് നിയമനം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളും ഇപ്പോൾ ഓരോ തസ്തികയിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 106 എണ്ണം.

(ബി) 3135 ജീവനക്കാർ.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1238 ഒഴിവുകൾ. ഈ ഒഴിവുകൾ പി.എസ്.സി., പ്രൊമോഷൻ, ബൈട്രാൻസ്ഫർ എന്നിവ മുഖേനയാണ് നികത്തുന്നത്.

1.	അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ	2 (1.പി.എസ്.സി.. മുഖേന, 1 പ്രൊമോഷൻ മുഖേന)
2.	സ്റ്റേഷൻ ഓഫീസർ	2 (പ്രൊമോഷൻ മുഖേന) പി.എസ്.സി.മുഖേന നികത്തേണ്ട 14 ഒഴിവുകൾ നിലവിലുണ്ടെങ്കിലും നിയമനം വൈകുന്ന സാഹചര്യത്തിൽ ഈ ഒഴിവുകളിൽ 14 പേരെ താൽക്കാലികമായി പ്രൊമോട്ടു ചെയ്ത് ഒഴിവുകൾ നികത്തിയിട്ടുണ്ട്.
3.	സ്റ്റേഷൻ ഓഫീസർ(മോട്ടോർ ട്രാൻസ്പോർട്ട്)	1 (ബൈ ട്രാൻസ്ഫർ മുഖേന)
4.	അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ	4 (പ്രൊമോഷൻ മുഖേന)
5.	ലീഡിംഗ് ഫയർമാൻ	54 (പ്രൊമോഷൻ മുഖേന)
6.	ഫയർമാൻ ഡ്രൈവർ കം-പമ്പ് ഓപ്പറേറ്റർ	53 (പി.എസ്.സി.മുഖേന)
7.	ഡ്രൈവർ മെക്കാനിക്ക്	6 (പ്രൊമോഷൻ മുഖേന)
8.	ഫയർമാൻ	1098 (പി.എസ്.സി.. മുഖേന)
9.	ജൂനിയർ സൂപ്രണ്ട്	1 (പ്രൊമോഷൻ മുഖേന)
10.	ക്ലാർക്ക്	5 (പി.എസ്.സി.മുഖേന)
11.	ടൈപ്പിസ്റ്റ്	2 (പി.എസ്.സി. മുഖേന)
12.	ഓഫീസ് അറ്റൻഡന്റ്	2 (പി.എസ്.സി.മുഖേന)
13.	പാർട്ട് ടൈം സ്വീപ്പർ	8 (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന)

(ഡി) Fireman Driver cum Pump Operator തസ്തികയ്ക്ക് NCA (NCA-SC,ST,M, LC, V&OX) വിജ്ഞാപന പ്രകാരമുള്ള റാങ്ക് ലിസ്റ്റ് 29-4-2014-ൽ നിലവിൽ വന്നു.

(ഇ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിലേക്ക് സംസ്ഥാന തലത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തുവരുന്നു. അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ-1, സ്റ്റേഷൻ ഓഫീസർ -14, ഫയർമാൻ ഡ്രൈവർ കം-പമ്പ് ഓപ്പറേറ്റർ -53, ഫയർമാൻ -1010, ക്ലാർക്ക് -1, ടൈപ്പിസ്റ്റ് -2, ഓഫീസ് അറ്റൻഡന്റ് - 2 എന്നീ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷനു റിപ്പോർട്ടു ചെയ്തിട്ടുണ്ട്. 14 സൂപ്പർ ന്യൂമററി തസ്തിക നിലനിൽക്കുന്നതിനാൽ ക്ലാർക്കുമാരുടെ 4 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ഫയർമാൻ തസ്തികയിലെ ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുതിയ ഫയർ സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റും കൊണ്ടോട്ടി ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുള്ള അനുമതിയും

213 (6363) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതിന് മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) കൊണ്ടോട്ടിയിലെ ഫയർ സ്റ്റേഷന് അനുമതിയായിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഫയർ സ്റ്റേഷൻ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോപ്പി ഉൾക്കൊള്ളിക്കുന്നു.*

(സി & ഡി) 21-12-2011 -ലെ ഗവൺമെന്റ് ഉത്തരവ് (സാധാ.) നമ്പർ 3764/2011/ആഭ്യന്തരം പ്രകാരം 5 വർഷത്തിനുള്ളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ 9-ാം നമ്പരായി കൊണ്ടോട്ടിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായ ശേഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൊണ്ടോട്ടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന് വാങ്ങുന്ന ഉപകരണങ്ങൾ

214 (6364) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് 2013-14-ൽ എത്ര തുകയുടെ ഉപകരണങ്ങളാണ് വാങ്ങിയത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly